# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3775 21-06-2019 ലെ മറുപടിക്ക്

**ചോദ്യം** **മറുപടി**

**ശ്രീ. പി. ഉണ്ണി** **ഡോ.ടി.എം.തോമസ് ഐസക്**

ബഹു.ധനകാര്യവും കയറും വകുപ്പു മന്ത്രി

### സംസ്ഥാനവരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ

<table>
<tr><td>(എ)</td><td>2018-19 സാമ്പത്തിക വർഷത്തിൽ വിവിധ ഹെഡുകൾ വഴി സംസ്ഥാനത്തിന്റെ മൊത്തം വരുമാനം എത്ര ആയിരുന്നു ; ഹെഡ് വൈസ് വിശദാംശം ലഭ്യമാക്കാമോ ;</td><td>അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2018-2019 സാമ്പത്തിക വർഷത്തിൽ വിവിധ ഹെഡുകൾ വഴിയുള്ള സംസ്ഥാനത്തെ റവന്യൂ വരുമാനത്തിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.</td></tr>
<tr><td>(ബി)</td><td>പ്രതീക്ഷിച്ചിരുന്ന വരവ് ലഭ്യമാക്കുവാൻ കഴിഞ്ഞോ ; അതോ അധികം സമാഹരിക്കുവാൻ കഴിഞ്ഞോ ; വിശദാംശം ലഭ്യമാക്കാമോ ;</td><td rowspan="2">2018-2019 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ചതും അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം ലഭ്യമായതുമായ റവന്യൂ വരുമാനത്തിന്റെവിശദാംശം ചുവടെ ചേർക്കുന്നു.<br><br>(തുക കോടിയിൽ)<br><table><tr><th>ഇനം</th><th>പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ചത്</th><th>അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം ലഭ്യമായത്</th></tr><tr><td>റവന്യൂ വരുമാനം</td><td>100006.58</td><td>91387.70</td></tr><tr><td>(എ) സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം</td><td>53110.58</td><td>50654.08</td></tr><tr><td>(ബി) സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം</td><td>12991.97</td><td>10511.22</td></tr><tr><td>(സി) കേന്ദ്ര നികുതി വിഹിതം</td><td>19932.27</td><td>19028.63</td></tr><tr><td>(ഡി)കേന്ദ്ര ധനസഹായം</td><td>13971.76</td><td>11193.77</td></tr></table></td></tr>
<tr><td>(സി)</td><td>ഏതു മേഖലയിൽ നിന്നുമുള്ള വരുമാനത്തിലാണ് കുറവുണ്ടായത് ; പ്രതീക്ഷിക്കുന്ന വരുമാനം എത്ര ; കുറവെത്ര ; വിശദാംശം ലഭ്യമാക്കാമോ ;</td></tr>
<tr><td>(ഡി)</td><td>2018-2019 വർഷത്തെ അനുഭവത്തിന്റെ വെളിച്ചത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ ?</td><td>ചരക്ക് സേവന നികുതി സംവിധാനത്തിൽ നിലവിലുള്ള ന്യൂനതകൾ പരിഹരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാനത്തിന്റേതായിട്ടുള്ള ക്രിയാത്മകമായ പല നിർദ്ദേശങ്ങളും ചരക്ക് സേവന നികുതി സമിതിയിൽ അവതരിപ്പിച്ചിട്ടുണ്ട്. ഇ-വേ ബിൽ സംവിധാനം ഏർപ്പെടുത്തുന്നതോടു കൂടി അന്തർസംസ്ഥാന വ്യാപാരത്തിന്മേലുള്ള നികുതി ചോർച്ച തടയാനാകുമെന്നും അതിലൂടെ ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ കൂടുതൽ വരുമാനം ലഭ്യമാകുമെന്നും പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ വരുന്ന നികുതി നികുതിയേതര സ്രോതസ്സുകളിൽ നിന്നുമുള്ള ധനസമാഹരണം മെച്ചപ്പെടുത്തുന്നതിന് അതത്</td></tr>
</table>

| | | |
|---|---|---|
| | | വകുപ്പുകൾ മുഖേന പ്രത്യേക വിഭവ സമാഹരണ യജ്ഞങ്ങൾ നടത്തി വരുന്നു. വിൽപന നികുതി, കാർഷികാദായ നികുതി എന്നീ ആക്ടുകൾ പ്രകാരമുള്ള അസസ്സ്മെന്റുകളിൽ വന്നിട്ടുള്ള നികുതികുടിശ്ശികയ്ക്ക് ആംനസ്റ്റി പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി റവന്യൂ റിക്കവറിയുടെ വേഗത വർദ്ധിപ്പിക്കുക, അഴിമതി നിർമാർജ്ജനം ചെയ്യുക, ഇന്റേണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുക, വകുപ്പുകളുടെ സാങ്കേതിക നവീകരണം നടപ്പിലാക്കുക, നികുതി നിയമങ്ങളെക്കുറിച്ചുള്ള ഉപഭോക്തൃ അവബോധം വർദ്ധിപ്പിക്കുക, വ്യാപാരി സൗഹൃദ സമീപനം നടപ്പിലാക്കുക എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് കേരളത്തിൽ സ്ഥിരമായി ഉപയോഗിക്കുന്ന വാഹന ഉടമകൾ സംസ്ഥാനത്ത് അടയ്ക്കേണ്ടതായ നികുതി പിരിച്ചെടുക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

**അക്കൗണ്ട്സ് ഓഫീസർ**

# അനുബന്ധം

| ശീർഷകം | ഇനം | ലഭിച്ച തുക (കോടിയിൽ) |
|---|---|---|
| 0005 | കേന്ദ്ര ചരക്ക് സേവന നികുതി | 4699.43 |
| 0006 | സംസ്ഥാന ചരക്ക് സേവന നികുതി | 21014.71 |
| 0008 | സംയോജിത ചരക്ക് സേവന നികുതി | 375.00 |
| 0020 | കോർപ്പറേഷൻ നികുതി | 6621.02 |
| 0021 | കോർപ്പറേഷൻ നികുതി ഒഴിച്ചുള്ള ആദായനികുതികൾ | 4876.10 |
| 0022 | കാർഷികാദായ നികുതി | 0.70 |
| 0028 | വരവു ചെലവിൻമേലുള്ള മറ്റു നികുതികൾ | 34.48 |
| 0029 | ഭൂ നികുതി | 202.78 |
| 0030 | മുദ്രപ്പത്രവും രജിസ്ട്രേഷനും | 3693.17 |
| 0032 | സമ്പത്ത് നികുതി | 2.44 |
| 0035 | കൃഷി ഭൂമി ഒഴികെയുള്ള സ്ഥാവരവസ്തുവിൻമേലുള്ള നികുതികൾ | 177.04 |
| 0037 | കസ്റ്റംസ് തീരുവ | 1349.57 |
| 0038 | കേന്ദ്ര എക്സൈസ് തീരുവ | 896.86 |
| 0039 | സംസ്ഥാന എക്സൈസ് | 2521.40 |
| 0040 | വിൽപന നികുതി | 19225.90 |
| 0041 | വാഹന നികുതികൾ | 3708.61 |
| 0042 | ചരക്കുകളുടെയും യാത്രക്കാരുടെയും മേലുള്ള നികുതികൾ | 0.00 |
| 0043 | വിദ്യുച്ഛക്തിയിൻമേലുള്ള നികുതികളും തീരുവകളും | 62.38 |
| 0044 | സേവന നികുതി | 173.73 |
| 0045 | ക്രയ വസ്തുക്കളെയും സേവനങ്ങളെയും സംബന്ധിക്കുന്ന മറ്റു നികുതികളും തീരുവകളും | 47.40 |
| 0049 | പലിശ വരവിനങ്ങൾ | 119.48 |
| 0050 | ലാഭവും ലാഭവിഹിതവും | 132.12 |
| 0051 | പബ്ലിക് സർവ്വീസ് കമ്മീഷൻ | 4.99 |
| 0055 | പോലീസ് | 73.03 |
| 0056 | ജയിലുകൾ | 4.05 |
| 0058 | സ്റ്റേഷനറിയും അച്ചടിയും | 28.61 |
| 0059 | പൊതു മരാമത്ത് | 9.13 |
| 0070 | ഭരണപരമായ മറ്റു സർവീസുകൾ | 175.45 |
| 0071 | പെൻഷനും മറ്റു സേവനവിരാമ ആനുകൂല്യങ്ങൾക്കുമായുള്ള അംശദാനങ്ങളും വസൂലാക്കലുകളും | 117.94 |
| 0075 | പലവക പൊതു സർവ്വീസുകൾ | 8192.67 |
| 0202 | വിദ്യാഭ്യാസം, കായികം, വിനോദം, കല, സംസ്കാരം | 256.73 |
| 0210 | വൈദ്യസഹായവും പൊതുജനാരോഗ്യവും | 331.62 |

| | | |
|---|---|---|
| 0211 | കുടുംബക്ഷേമം | 0.21 |
| 0215 | ശുദ്ധജല വിതരണവും ശുചീകരണവും | 0.00 |
| 0216 | ഭവന നിർമ്മാണം | 3.51 |
| 0217 | നഗര വികസനം | 7.51 |
| 0220 | വാർത്താവിതരണവും പ്രചരണവും | 0.11 |
| 0230 | തൊഴിലും തൊഴിൽ സൗകര്യങ്ങളും | 33.04 |
| 0235 | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 0.18 |
| 0250 | മറ്റു സാമൂഹ്യ സർവ്വീസുകൾ | 0.32 |
| 0401 | ധാന്യ വിളകൾ | 18.51 |
| 0403 | മൃഗ സംരക്ഷണം | 8.12 |
| 0404 | ക്ഷീരവികസനം | 1.33 |
| 0405 | മൽസ്യബന്ധനം | 17.63 |
| 0406 | വനവൽക്കരണവും വന്യജീവി സംരക്ഷണവും | 275.44 |
| 0425 | സഹകരണം | 186.58 |
| 0435 | മറ്റു കാർഷിക പരിപാടികൾ | 0.06 |
| 0515 | മറ്റു ഗ്രാമവികസന പരിപാടികൾ | 8.40 |
| 0575 | മറ്റു പ്രത്യേക പദ്ധതികൾ | 0.00 |
| 0700 | വൻകിട ജലസേചനം | 8.92 |
| 0701 | ഇടത്തരം ജലസേചനം | 10.69 |
| 0702 | ചെറുകിട ജലസേചനം | 5.48 |
| 0802 | പെട്രോളിയം | 0.02 |
| 851 | ഗ്രാമ ചെറുകിട വ്യവസായങ്ങൾ | 7.63 |
| 852 | വ്യവസായങ്ങൾ | 0.68 |
| 0853 | ഇരുമ്പേതര ഖനനവും ലോഹ സംബന്ധവുമായ വ്യവസായങ്ങൾ | 178.45 |
| 0875 | മറ്റ് വ്യവസായങ്ങൾ | 0.00 |
| 1051 | തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും | 53.82 |
| 1054 | റോഡുകളും പാലങ്ങളും | 27.74 |
| 1056 | ഉൾനാടൻ ജലഗതാഗതം | 7.06 |
| 1075 | മറ്റു ഗതാഗത സർവ്വീസുകൾ | 0.04 |
| 1425 | മറ്റു ശാസ്ത്രീയ ഗവേഷണം | 4.03 |
| 1452 | വിനോദ സഞ്ചാരം | 8.79 |
| 1456 | സിവിൽ സപ്ലൈസ് | 138.99 |
| 1475 | പൊതുവായ മറ്റു സാമ്പത്തിക സർവ്വീസുകൾ | 52.09 |
| 1601 | കേന്ദ്ര സർക്കാരിൽനിന്നുള്ള സഹായ ധനം | 11193.77 |
| ആകെ-റവന്യൂ | | **91387.69** |

**അക്കൗണ്ട്സ് ഓഫീസർ**